**File No.: GE-DA2/210/2024-G.EDN**

**"ഭരണഭാഷ-**

**മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്- ശ്രീ ബിജു എസ് എസ്, എച്ച്.എസ്.എസ്.ടി (ജ്യോഗ്രഫി)-അച്ചടക്കനടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2598/2025/GEDN തീയതി,തിരുവനന്തപുരം, 10-04-2025

---

പരാമർശം:-
1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/08/2024 ലെ HSE/7893/2024-Ad B1 നം കത്ത്
2. 27/09/2024 ലെ സ.ഉ(സാധാ) നം 6523/2024/പൊവിവ
3. 19/12/2024 ലെ GE-DA2/210/2024-G.EDN നം കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. 23/12/2024 ലെ സ.ഉ(സാധാ) നം 9035/2024/പൊവിവ
5. ശ്രീ ബിജു എസ് എസ് സമർപ്പിച്ച 20/02/2025 ലെ പ്രതിവാദപത്രിക

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കരമന ഗവ.ഗേൾസ്.എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.ടി(ജ്യോഗ്രഫി) ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ ബിജു എസ് എസ്-നെതിരെ വെള്ളത്തൂവൽ പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം 328/2023 u/s 120B, 392 IPC പ്രകാരം ടിയാനെ 28/03/2024 ന്

അറസ്റ്റ് ചെയ്തിട്ടുള്ളതായും ടിയാനെ റിമാൻഡ് ചെയ്തിട്ടുള്ളതായും ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചു വരുന്നതായും കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണെന്നുമുള്ള വിവരം ഇടുക്കി ജില്ല പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പരാമർശം (2) പ്രകാരം ടിയാനെ 28/03/2024 മുതൽ മുൻകാല പ്രാബല്യത്തിൽ സസ്പെന്റ് ചെയ്യുകയും ചെയ്തിരുന്നു. ആയത് പരാമർശം (4) പ്രകാരം 28/09/2024 മുതൽ 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2. തുടർന്ന് ടിയാനെതിരെ സർക്കാർ തലത്തിൽ 1960-ലെ KCS CCA Rules 1960, ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (3) പ്രകാരം കുറ്റപത്രം നല്കിയിരുന്നു. ആയതിന് ടിയാൻ പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ കുറ്റപത്രത്തിലെ ആരോപണങ്ങൾ എല്ലാം പൂർണ്ണമായും നിഷേധിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടിയാനെതിരെയുള്ള FIR ൽ പരാതിക്കാരനായ ശ്രീ ബോസ് ശ്രീ ബിജുവിനെതിരെ വ്യക്തമായ മൊഴി നല്കിയിട്ടുണ്ട് എന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയിലെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ടിയാനെതിരെ 1960-ലെ KCS CCA Rules 1960, ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി തുടരുവാനും ആയതിന്റെ ഭാഗമായ ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹേമലത സി കെ

ഡെപ്യൂട്ടി സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിദ്യാഭ്യാസം), തിരുവനന്തപുരം
2. ശ്രീ ബിജു എസ് എസ്, എച്ച്.എസ്.എസ്.ടി(ജ്യോഗ്രഫി) (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ, ഹയർ സെക്കൻഡറി വിഭാഗം (പരാമർശം 4,5 സഹിതം)
4. പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ, കേരള, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
7. വെബ്( മീഡിയ/കൈറ്റ്സ്)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 10-04-2025 15:50:39
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്